**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 872** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സഹായപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗസമുദായക്കാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. കൂടാതെ സിവിൽ സർവ്വീസ് പരിശീലനം, വിംഗ്സ് പദ്ധതി, എംപവേർഡ്മെന്റ് സൊസൈറ്റികൾ, ടാലന്റ് സെന്ററുകൾ, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൃഷി ഭൂമി ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, ചക്ലിയ/അരുന്ധതിയാർ എന്നിവർക്ക് ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം കൃഷി ഭൂമി അനുവദിച്ചു വരുന്നു. ടി പദ്ധതി പ്രകാരം കുറഞ്ഞത് 25 സെന്റ് കൃഷി ഭൂമി വാങ്ങുന്നതിന് നിലവിൽ 10,00,000/- രൂപയാണ് ധനസഹായമായി അനുവദിച്ചു വരുന്നത്. |
| (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുള്ള സാമ്പത്തിക സഹായം എത്രയാണ് എന്ന് വ്യക്തമാക്കുമോ; വിവരങ്ങൾ നൽകാമോ? | (സി) | പട്ടാമ്പി നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുള്ള സാമ്പത്തിക സഹായം സംബന്ധിച്ചുള്ള വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ